# വൈ ഫൈ സൗകര്യമുള്ള സി.സി.ടി.വി. യുമായി ഗോദ്റെജ് സെക്യൂരിറ്റി സൊല്യൂഷൻസ്

കൊച്ചി: സുരക്ഷാ സേവന ദാതാക്കളായ ഗോദ്റെജ് സെക്യൂരിറ്റി സൊല്യൂഷൻസ് വൈ ഫൈ സൗകര്യമുള്ള ഡി.ഐ.വൈ. സി.സി.ടി.വി. സംവിധാനമായ ഈവ് (ഈസി വ്യൂവിങ് എവരിവേർ) ശ്രേണി പുറത്തിറക്കി. എവിടെ നിന്നും എളുപ്പത്തിൽ വീക്ഷിക്കാം എന്നതാണ് സവിശേഷത. ഈവി മിനി, ഈവി ക്യൂബ്, ഈവി പി.ടി. എന്നീ മൂന്നു തരത്തിലാണ് ഈ ശ്രേണിയിൽ അവതരിപ്പിച്ചിട്ടുള്ളത്.

വീട്ടുടമസ്ഥർക്ക് എവിടെയിരുന്നും മൊബൈലിൽ വീടിനകത്തു നടക്കുന്ന കാര്യങ്ങൾ വീക്ഷിക്കാൻ സാധിക്കുംവിധം നേരിട്ടുള്ള വീഡിയോ സ്ട്രീമിങ് ലഭ്യമാക്കിയിട്ടുള്ളവയാണ് ഈവ് ശ്രേണി. ഓട്ടോ റെക്കോഡ് സംവിധാനവും ഇതിലുണ്ട്. 5,000 രൂപ മുതൽ 24,000 രൂപ വരെയാണ് ശ്രേണികളുടെ വില.

ഹോം സെക്യൂരിറ്റീസിൽ കമ്പനിക്ക് രാജ്യത്ത് 23 ശതമാനം വളർച്ചയാണുള്ളത്. ആകെ വരുമാനത്തിന്റെ 15 ശതമാനം കേരളത്തിൽ നിന്നാണെന്ന് ഗോദ്റെജ് ആൻഡ് ബോയ്സ് മാനുഫാക്ചറിങ് ഗോദ്റെജ് സെക്യൂരിറ്റി സൊല്യൂഷൻസ് ഡിവിഷൻ അസോസിയേറ്റ് വൈസ് പ്രസിഡൻറും സെയിൽസ്, മാർക്കറ്റിങ് ആൻഡ് ഇന്നവേഷൻ വിഭാഗം ആഗോള മേധാവിയുമായ മെഹർനോഷ് പിത്തവാലിയ പറഞ്ഞു.

ഓണാഘോഷങ്ങളുടെ ഭാഗമായി ഓണം ബൈ ആൻഡ് ഫ്ലൈ ടു പാരീസ് ഓഫർ അവതരിപ്പിച്ചിട്ടുണ്ട്. ഗോദ്റെജ് ഹോം സേഫുകൾ, ഗോദ്റേജ് ഗോരാഡി ലോക്കുകൾ, ഇലക്ട്രോണിക് ഹോം സെക്യൂരിറ്റി ഉത്പന്നങ്ങൾ, വി.ഡി.പി., അലാം സംവിധാനങ്ങൾ, സി.സി.ടി.വി., പദ്ധതിക്കാലത്ത് പുറത്തിറക്കുന്ന മറ്റേതെങ്കിലും പുതിയ ഉത്പന്നങ്ങളോ വാങ്ങുന്നവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കും.